(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.റ്റി.വി.എം.ജി.പി.9/2025/2016 കേരളസംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,
തിരുവനന്തപുരം,
തിയതി. 25-11-2016,
ഫോൺ- 0471-2331231,
ഇ.മെയിൽ- lfadtvm@yahoo.in

ഡെപ്യൂട്ടി ഡയറക്ടർ,

പ്രസിഡന്റ് (സെക്രട്ടറി മുഖേന ),

കിളിമാനൂർ ഗ്രാമ പഞ്ചായത്ത്.

സർ,

വിഷയം : കിളിമാനൂർ ഗ്രാമപഞ്ചായത്ത് - 2015-16സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 -ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കിളിമാനൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തികവർഷത്തെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ് പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ / തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഒപ്പ്.

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.

പകർപ്പ് :

1) ഡയറക്ടർ ,കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് , തിരുവനന്തപുരം (ഉപരിപത്രം സഹിതം),

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ,

3) കാര്യാലയ പകർപ്പ്,
4) സ്പെയർ.

എസ്.2/12/16

നം കെ.എസ്.എ.റ്റി.വി.എം.ജി.പി.9/2025/2016 തീയതി:25.11.2016

തിരുവനന്തപുരം ജില്ലയിലെ കിളിമാനൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

*(1994 -ലെ കേരള പഞ്ചായത്ത് രാജ് നിയമം - വകുപ്പ് 215(4) , 1994 -ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996-ലെ കേരള ലോക്കൽഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

തിരുവനന്തപുരം ജില്ലയിലെ കിളിമാനൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.07.2016 മുതൽ 15.11.16 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു .

ഓഡിറ്റിൽ കണ്ടെത്തിയ അപാകങ്ങൾ അതത് സമയം ഓഡിറ്റ് അന്വേഷണ കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. നൽകിയ 12 അന്വേഷണ കുറിപ്പുകൾക്കും മറുപടി ലഭിച്ചിട്ടുണ്ട്. മറുപടികൾ പരിഗണിച്ച ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരി ക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ : ശ്രീ ജമാലുദ്ദീൻ.എ, (ഡെപ്യൂട്ടി ഡയറക്ടർ)

ഓഡിറ്റിന് വിനിയോഗിച്ച സമയം : 15.11.2016മുതൽ 21.11.2016വരെ

| | |
|---|---|
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ : | ശ്രീ .ആർ .സുരേഷ് കുമാർ (ഓഡിറ്റ് ഓഫീസർ ഹ.ഗ്രേ)<br>ശ്രീ .സജി .എ.(അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ)<br>ശ്രീമതി .എം .എൽ .ലേഖ(സീനിയർ ഗ്രേഡ് ഓഡിറ്റർ)<br>ശ്രീ .വി .ആർ .അരുൺദേവ് (ഓഡിറ്റർ) |

(ബി)നിർവ്വഹണാധികാരികൾ

പ്രസിഡന്റ് : ശ്രീ.കെ.ജി പ്രിൻസ് : 01.04.2015 മുതൽ 31.10.15 വരെ

ശ്രീ.ബാബുനന്ദകുമാർ: 01.11.2015 മുതൽ 18.11.15 വരെ(സെക്രട്ടറി ഇൻചാർജ് )

ശ്രീമതി.ബി.രാജലക്ഷ്മി അമ്മാൾ : 19.11.2015 മുതൽ 31.03.16 വരെ

സെക്രട്ടറി : ശ്രീ.ജി.ശ്രീകുമാർ, 01.4.2014മുതൽ 21.7.15 വരെ

: ശ്രീ.ബാബു നന്ദകുമാർ, 21.7.2015 മുതൽ 31.03.16 വരെ

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് എൻജിനീയർ | ശ്രീമതി.ഷീജ.ബി.റാണി | 01.04.2015 മുതൽ 22.7.2015 വരെ |
| | ശ്രീമതി.ഷീബ.എസ് | 23.7.2016മുതൽ 31.3.2016 വരെ |
| ഹെഡ്മാസ്റ്റർ | ശ്രീ.അഹമ്മദ് കണ്ണ് | 01.04.2015 മുതൽ 31.3.2016 വരെ |
| മെഡിക്കൽ ഓഫീസർ(ആയുർവേദം) | ഡോ.പ്രീത.ബി.എസ് | 01.04.2015 മുതൽ 5.7.2015 വരെ |
| | ഡോ.ശിവകുമാർ | 6.7.2015മുതൽ 31.3.2016 വരെ |
| മെഡിക്കൽ ഓഫീസർ പി.എച്ച്.സി | ഡോ.സുധീർ ജേക്കബ്ബ് | 01.04.2015 മുതൽ 31.03.2016 വരെ |
| മെഡിക്കൽ ഓഫീസർ(ഹോമിയോ) | ഡോ. ഷൈലേഷ് കുമാർ | 01.04.2015 മുതൽ 31.03.2016 വരെ |
| വെറ്ററിനറിസർജൻ | ശ്രീമതി.ഷാലുമോൾ.എസ്.എസ് | 01.04.2015മുതൽ 31.3.2016വരെ |
| ICDS സൂപ്പർവൈസർ | ശ്രീമതി.ത്രേസി.ജെ | 01.04.2015മുതൽ 31.03.2016വരെ |
| വി.ഇ.ഒ സർക്കിൾ I | ശ്രീ.നിസാം.റ്റി.എസ് | 01.04.2015മുതൽ 31.03.2016വരെ |

| | | |
|---|---|---|
| | | |
| വി.ഇ.ഒ സർക്കിൾ II | ശ്രീ.കിരൺ | 01.04.2015മുതൽ 15.12.2015 വരെ |
| | ശ്രീ.അഭിലാഷ് | 16.12.2015മുതൽ 31.3.2016 വരെ |
| കൃഷി ഓഫീസർ | ശ്രീ.കെ.സുധീർ | 01.04.2015മുതൽ 31.03.2016വരെ |

<u>ഉള്ളടക്കം</u>


| ക്രമ നം. | ഭാഗം - 1 | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 | |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 | |
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം. | 1-6 | |
| 7 | തനത് വരുമാനം. | 1-7 | |
| 8 | ക്ഷേമപദ്ധതികൾ | 1-8 | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 | |

| | | | |
|---|---|---|---|
| 10 | ആഭ്യന്തരനിയന്ത്രണം | 1-10 | |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 | |
| | ഭാഗം - 2 | | |
| 12 | മൊബൈൽ ടവറുകൾക്ക് വസ്തുനികുതി ഈടാക്കിയിട്ടില്ല | 2-1 | |
| 13 | ഡി.ആന്റ് ഒ.ലൈസൻസ് അനുവദിക്കൽ - നടപടിക്രമം പാലിക്കുന്നില്ല | 2-2 | |
| 14 | സ്ഥാപനതൊഴിൽ നികുതി അടവാക്കിയിട്ടില്ല. | 2-3 | |
| 15 | ആധാരമെഴുത്ത് സ്ഥാപനങ്ങളിൽ നിന്നും നികുതി ഈടാക്കുന്നില്ല. | 2-4 | |
| | ഭാഗം-3 | | |
| 16 | പദ്ധതി ചെലവ് - വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കാത്തവ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. | 3-1 | |
| 17 | പദ്ധതി നടത്തിപ്പിലെ സുതാര്യത,ധനവിനിയോഗം എന്നിവയിലെ വീഴ്ച്ച- പദ്ധതി ലക്ഷ്യം കൈവരിച്ചില്ല- തടസ്സപ്പെടുത്തിയ തുക 303652 രൂപ. | 3-2 | |
| 18 | ഇ.എം.എസ്. ഭവന നിർമാണം- ഗുണഭോക്താക്കൾക്ക് നൽകാനുള്ള അധിക വിഹിതം- കുടിശ്ശിക 1,82,500/- രൂപ | 3-3 | |
| 19 | ആശ്രയ പദ്ധതി - വികസന ഫണ്ട് ചെലവ് പര്യാപ്തമല്ല | 3-4 | |
| 20 | ഡെപ്പോസിറ്റ് പ്രവൃത്തി- തുക ഒടുക്കിയിട്ടും പണി പൂർത്തീകരിച്ചിട്ടില്ല. | 3-5 | |
| | ഭാഗം - 4 | | |
| 21 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 | |
| 22 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 23 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | |

| | | | |
|---|---|---|---|
| 24 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 | |
| 25 | സ്ഥിരനിക്ഷേപങ്ങൾ | 4-5 | |
| 26 | ഓഡിറ്റ് റിക്കവറി | 4-6 | |
| 27 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 | |
| 28 | ഓഡിറ്റ് പ്രത്യവലോകനം | 4-8 | |
| 29 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 | |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16 വർഷത്തെ ബജറ്റ് 28/03/2015 തീയതിയിലെ 1-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് (മുന്നിരിപ്പ് ഉൾപ്പെടെ) 113042305/- രൂപയും ചെലവ് 110518136/-രൂപയും നീക്കിയിരിപ്പ് 2524169/- രൂപയും ആണ്. വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള യഥാർത്ഥ വരവ് 52370183/- രൂപയും (മുന്നിരിപ്പ് ഉൾപ്പെടെ) ചെലവ് 44822806/-രൂപയും നീക്കിയിരിപ്പ് 7547377/-രൂപയും ആണ്. ബജറ്റ് സിംഗിൾ എൻട്രി സമ്പ്രദായത്തിലും വാർഷിക ധനകാര്യ പത്രിക അക്രൂവൽ അടിസ്ഥാനത്തിൽ ഡബിൾ എൻട്രി സമ്പ്രദായത്തിലും തയ്യാറാക്കിയിട്ടുള്ളതിനാൽ ഇവ തമ്മിൽ താരതമ്യം ചെയ്യുവാൻ കഴിഞ്ഞിട്ടില്ല.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2016 | 5.07.2016 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2015-16 | 15.11.2016 | - |

## 1-4 സാമ്പത്തിക വിശകലനം

മുന്നിരിപ്പ് : 13002741

വരവ് : 39367442

ആകെ : 52370183

ചെലവ് : 44822806

നീക്കിയിരിപ്പ് : 7547377

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 852029 | 5536132 | 7666468 (Tr Cr 1278307) | 7666468 | 0 | 100% |
| വികസനഫണ്ട് എസ്.സി.പി. | 1027505 | 6302000 | 7329505 | 7329505 | 0 | 100% |
| വികസനഫണ്ട് ടി.എസ്.പി. | 0 | 0 | 0 | 0 | 0 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 1139027 | 7286555 | 8425582 | 8425582 | 0 | 100% |
| സംരക്ഷണഗ്രാന്റ് നോൺ റോഡ് | 356435 | 1436412 | 1792847 | 1792847 | 0 | 100% |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 531339 | 3424694 | 3956033 | 3700416 (Tr Cr 255617) | 0 | 100% |
| പെർഫോമൻസ് ഗ്രാന്റ് | 2511639 | 994666 | 3506205 | 2483515 (Tr Cr 1022690) | 0 | 100% |

| | | | | | | |
|---|---|---|---|---|---|---|
| എം.എൻ.ആർ. ഇ.ജി.എസ് | 31257 | 399556 (11353991 EFMS) | 430813 (11353991 EFMS) | 430804 (11353991 EFMS) | 9 | 100% |
| ബി ഫണ്ട് | 0 | 1213300 (25376020 DBT) | 1213300 | 1213300 (25376020 DBT) | 0 | |
| ജനറൽ പർപ്പസ് ഗ്രാന്റ് | 2549731 | 6118038 | 8667769 | 5694121 | 2973648 | 65.69% |
| സാക്ഷരത | 8149 | 4680 | 12829 | 10480 | 2349 | 81.69% |
| തനത് ഫണ്ട് | 3995630 | 6651509 | 10647139 | 6075768 | 4571371 | |
| ആകെ | 13002741 | 39367442 | 52370183 | 44822806 | 7547377 | |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 157 | 34462050 | 140 | 31398333 | 14 | 3 | 81.17% |

## 1-7 തനതുവരുമാനം.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം(+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | | | | |
| തൊഴിൽ നികുതി | 1470880 | 1498860 | 27980 | 1.90 |
| കെട്ടിട നികുതി | 2093477 | 1228800 | -864677 | -41.3 |

| | | | | |
|---|---|---|---|---|
| നികുതിയേതര വരവുകൾ | | | | |
| ലേലം | 263364 | 281488 | 18124 | 6.8 |
| ഡി&ഒ ലൈസൻസ് | 30300 | 41850 | 11550 | 38.11 |
| മറ്റ് വരവുകൾ | 63936 | 258443 | 194507 | 304.2 |
| ആകെ | 3921957 | 3309441 | -612516 | -15.61 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 697200 | 374 |
| കർഷക തൊഴിലാളി പെൻഷൻ | 3405060 | 483 |
| വിധവാപെൻഷൻ | 8389600 | 933 |
| വാർദ്ധക്യകാല പെൻഷൻ | 11265540 | 1506 |
| വികലാംഗ പെൻഷൻ | 2052220 | 214 |
| വിധവകളുടെ പെൺമക്കൾക്കുള്ള ധനസഹായം | 450000 | 18 |
| 50 വയസ്സിന് മുകളിലുള്ള അവിവാ ഹിതരായ സ്ത്രീകളുടെ പെൻഷൻ | 262400 | 29 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 16.11.2016രാവിലെ 10.10മണിക്ക് സ്ഥാപനത്തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ നീക്കിയിരിപ്പ് ഒന്നും തന്നെ ഇല്ലാത്തതായി ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം.

തനതുവരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. പ്രവർത്തനക്ഷമമായ തെരുവ് വിളക്കുകളുടെ എണ്ണം, ഇനം, തരം എന്നീ വിവരങ്ങൾ രേഖപ്പെടുത്തി തെരുവ് വിളക്ക് രജിസ്റ്റർകൃത്യമായി പരിപാലിക്കേണ്ടതാണ്. പവ്വർ ഡിപ്പാർട്ട്മെന്റിന്റെ 23.03.1997-ലെ 13-ാം നം. സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിക്കേണ്ടതും ഉപഭോഗത്തിനനുസൃതമായാണ് വൈദ്യുത ചാർജ്ജ് ഒടുക്കുന്നതെന്ന് ഉറപ്പാക്കേണ്ടതുമാണ്.മീറ്ററിംഗ് സമ്പ്രദായം നടപ്പിലാക്കുവാൻ അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്. ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 1.11.2016 മുതൽ 4.11.2016 വരെ | 10 (2016) | - |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 19.01.2013മുതൽ 04.02.2013വരെ | 2007-08 മുതൽ 2011-12 വരെ | 15.04.2013 |

# ഭാഗം-2

# വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 മൊബൈൽ ടവറുകൾക്ക് വസ്തുനികുതി ഈടാക്കിയിട്ടില്ല

ജി.ഒ (എം.എസ് )നം.113/2009/ത.സ്വ.ഭ.വ,തിയതി.02/01/2009 നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്ത് അതിന്റെ അധികാര പരിധിയിൽ മൊബൈൽ ടവറുകൾ സ്ഥാപിച്ചിട്ടുള്ള സ്ഥാപനങ്ങളിൽ നിന്ന് വസ്തുനികുതി ഈടാക്കേണ്ടതാണ്. 1-04-2013 ൽ പ്രാബല്യത്തിൽ വന്ന ജി.ഒ (ആർ.ടി) 19/2011/ത.സ്വ.ഭ.വ, തീയതി. 14-01-2011 പ്രകാരം മൊബൈൽ ടവറുകൾക്ക് വസ്തു നികുതി ചതുരശ്ര മീറ്ററിന് 400 രൂപ മുതൽ 500 രൂപ വരെയാണ്.പഞ്ചായത്തു പരിധിയിൽ എട്ട് മൊബൈൽ ടവറുകൾ പ്രവർത്തിക്കുന്നുവെന്നാണ് ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 3) മറുപടി നൽകിയത്.എന്നാൽ ഇതിൽ അഞ്ച് ടവറുകളിൽ നിന്നും വസ്തുനികുതി ഈടാക്കിയിട്ടില്ല. വിശദാംശം ചുവടെ

| ക്രമ നം. | ടവർ നമ്പർ | കമ്പനിയുടെ പേര് |
|---|---|---|

| | | |
|---|---|---|
| 1 | 4/396എ | വോഡഫോൺ എസ്സാർ ലിമിറ്റഡ് |
| 2 | 5/297എ | ഇന്ത്യാ ടെലികോം ഇൻഫ്രാ ലിമിറ്റഡ് |
| 3 | 10/158എ | വയർലെസ് റ്റി.റ്റി ഇൻറോ സർവ്വീസ് ലിമിറ്റഡ് |
| 4 | 10/193എ | വോഡഫോൺ എസ്സാർ ലിമിറ്റഡ് |
| 5 | 10/196എ | വയർലെസ് റ്റി.റ്റി ഇൻഫോ സർവ്വീസസ് ലിമിറ്റഡ് |

മുകളിൽ പറഞ്ഞിട്ടുള്ള സ്ഥാപനങ്ങിൽ നിന്ന് കുടിശ്ശികയുൾപ്പെടെ വസ്തുനികുതി ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്ക് വരുത്തി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-2 ഡി.ആന്റ് ഒ.ലൈസൻസ് അനുവദിക്കൽ - നടപടിക്രമം പാലിക്കുന്നില്ല

ഡി.ആന്റ് ഓ ലൈസൻസുകൾ അനുവദിച്ച് നൽകിയ അപേക്ഷകളിൽ അപൂർണ്ണമായവയും ഉൾപ്പെടുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | അപേക്ഷകന്റെ പേരും വിലാസവും | സ്ഥാപനം | അപാകത |
|---|---|---|---|
| 1 | അജിതകുമാരി.റ്റി<br>സോപാനം, മൈലകുന്നിൽ, കിളിമാനൂർ | മാസ്റ്റേഴ്സ് ബേക്കറി | സാനിട്ടറി സർട്ടിഫിക്കറ്റ് ഇല്ല |
| 2 | സുനിൽകുര്യൻ.സി.എൻ<br>അമൽവിള, ചിത്രകോണം, പോങ്ങനാട് | രാഗം ബേക്കറി | സാനിട്ടറി സർട്ടിഫിക്കറ്റ് ഇല്ല |
| 3 | ദിനു.എ.ഡി<br>ബിജു ഭവൻ, കീഴ്പേരൂർ | ഫോട്ടോസ്റ്റാറ്റ് & സ്റ്റേഷനറി | വാടക എഗ്രിമെന്റ് ഇല്ല |
| 4 | സുധാകരൻ നായർ.ആർ<br>പുലരി, വിളക്കാട്ടുകോണം, കിളിമാനൂർ | ബേക്കറി | സാനിട്ടറി സർട്ടിഫിക്കറ്റ് ഇല്ല |

| | | | |
|---|---|---|---|
| 5 | ഗോപാലകൃഷ്ണൻ<br>വിഷ്ണുഭവൻ, പോങ്ങനാട് | ബേക്കറി | സാനിട്ടറി സർട്ടിഫിക്കറ്റ് ഇല്ല. |
| 6 | അശോകൻ<br>ആനന്ദഭവനം, പനപ്പാംകുന്ന്, | റ്റീ ഷോപ്പ് | സാനിട്ടറി സർട്ടിഫിക്കറ്റ് ഇല്ല. |

മേൽ വിവരം കാണിച്ച നൽകിയ ഓഡിറ്റ് എൻക്വയറി നം 11/21.11.2016 ന് സാനിട്ടറി സർട്ടിഫിക്കറ്റും വാടക എഗ്രിമെന്റും എത്തിക്കുന്നതിന് അപേക്ഷകർക്ക് കത്ത് നൽകിയിട്ടുണ്ട് എന്ന് മറുപടി ലഭിച്ചു. ഡി.ആന്റ് ഒ. ലൈസൻസുകൾ നടപടിക്രമങ്ങൾ പൂർണ്ണമായും പാലിച്ചുകൊണ്ട് അനുവദിച്ച നൽകാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 2-3 സ്ഥാപനതൊഴിൽ നികുതി അടവാക്കിയിട്ടില്ല.

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 204, 1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽനികുതി) ചട്ടങ്ങൾ, ചട്ടം 4എന്നിവ അനുസരിച്ച് ഗ്രാമപഞ്ചായത്ത് മേഖലയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ നിന്ന് ഓരോ അർദ്ധവർഷവും തൊഴിൽനികുതി ഈടാക്കേണ്ടതുണ്ട്. 2015-16 ൽ താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപനതൊഴിൽ നികുതി അടവാക്കിയിട്ടില്ല.

| | | |
|---|---|---|
| 1. | ശിശുവിഹാർ ഇംഗ്ലീഷ് മീഡിയം സ്കൂൾ, കിളിമാനൂർ | 2015-16 ഒന്നും രണ്ടും അർദ്ധവർഷ സ്ഥാപന നികുതി അടവാക്കിയിട്ടില്ല. |
| 2. | ഗുരുദേവ് പ്രൈവറ്റ് ഐ.റ്റി.ഐ, കിളിമാനൂർ | 2015-16 ഒന്നും രണ്ടും അർദ്ധവർഷ സ്ഥാപന നികുതി അടവാക്കിയിട്ടില്ല. |
| 3. | വിദ്യാ അക്കാഡമി ഓഫ് സയൻസ് & ടെക്നോളജി, കിളിമാനൂർ | സ്ഥാപന നികുതി അടവാക്കിയിട്ടില്ല. |

മേൽ സ്ഥാപനങ്ങളിൽ നിന്നും സ്ഥാപനതൊഴിൽ നികുതി ഈടാക്കുവാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 2-4 ആധാരമെഴുത്ത് സ്ഥാപനങ്ങളിൽ നിന്നും നികുതി ഈടാക്കുന്നില്ല.

ഗ്രാമപഞ്ചായത്തിന്റെ കീഴിൽ 5 ആധാരമെഴുത്ത് സ്ഥാപനങ്ങളാണ് പ്രവർത്തിക്കു ന്നതെന്ന് ഓഡിറ്റ് എൻക്വയറി നം.10ന് മറുപടി നൽകിട്ടുണ്ട്. എന്നാൽ ഈ സ്ഥാപനങ്ങൾ ലൈസൻസ് എടുക്കുകയോ തൊഴിൽ നികുതി അടവാക്കുകയോ ചെയ്തിട്ടില്ല. ഈ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 പദ്ധതിച്ചെലവ് - വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കാത്തവ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

| ക്രമ നം. | പദ്ധതി നം / പേര് | ചെലവായ തുക | ബിൽ നം. | ഡി.ഡി.നം, തീയതി |
|---|---|---|---|---|
| 1 | S0190/16<br>പടിഞ്ഞാറ്റിൻകര പാലത്തിന് സമീപം കെ.എസ്.ഇ.ബി പോസ്റ്റ് മാറ്റൽ | 200386 | 28/15-16 | 535929<br>19.03.2016<br>(കെ.എസ്.ഇ.ബി) |
| 2 | S037/16<br>മീഡിയശ്രീ | 65000 | 19/15-16 | 17966<br>28.12.2015<br>(എക്സിക്യൂട്ടീവ് ഡയറക്ടർ കുടുംബശ്രീ |
| 3 | S005/16<br>ഐ.എ.വൈ ഭവനനിർമ്മാണം (ജനറൽ) | 715000 | 13/15-16 | 16521<br>25.09.2015<br>(കിളിമാനൂർ ബ്ലോക്ക്) |
| 4 | S007/16<br>ഐ.എ.വൈ ഭവനനിർമ്മാണം (പട്ടികജാതി) | 650000 | 12/15-16 | 16522<br>25.09.2015<br>(കിളിമാനൂർ ബ്ലോക്ക്) |

| | | |
|---|---|---|
| | ആകെ | 1630386 |

വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കാത്ത പദ്ധതിച്ചെലവ് 1630386/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-2 പദ്ധതി നടത്തിപ്പിലെ സുതാര്യത,ധനവിനിയോഗം എന്നിവയിലെ വീഴ്ച്ച-പദ്ധതി ലക്ഷ്യം കൈവരിച്ചില്ല- തടസ്സപ്പെടുത്തിയ തുക 303652 രൂപ.

പദ്ധതി നം./ പേര് - S0102/16 പട്ടികജാതി കോളനികളിൽ തെരുവ് വിളക്ക് സ്ഥാപിക്കൽ

ഭരണാനുമതി - 1(1) തീ13.05.15

നിർവ്വഹണ - ഉദ്യോഗസ്ഥൻ- സെക്രട്ടറി

ഫണ്ടിനം - വികസന ഫണ്ട് (എസ്.സി.പി)

അടങ്കൽ - 3,03,652/- രൂപ

ചെലവ് വിവരം - ബിൽ നം 33/15-16 ,

ഡി.ഡി. നം - 536613 തീ 30.03.16, തുക 3,03,652/- രൂപ

ഫയൽ നം. - എ4/3040/16

ഗ്രാമ പഞ്ചായത്തിലെ ദേവേശ്വരം വാർഡിലെ വിവിധ പട്ടികജാതി കോളനികളിൽ തെരുവ് വിളക്കുകൾ വാങ്ങി സ്ഥാപിക്കുന്നതിനായി കെൽട്രോണിൽ തുക ഡെപ്പോസിറ്റ് ചെയ്യുന്നതിനും, സൂപ്പർവിഷൻ ചാർജ്ജ് കെ.എസ്.ഇ.ബി- യിൽ ഒടുക്കുന്നതിനും വിഭാവനം ചെയ്തതാണ് പ്രോജക്ട്.

പ്രോജക്ട് ഖണ്ഡിക നം. 33 പ്രകാരം പുതുതായി സ്ഥാപിക്കുന്ന തെരുവ് വിളക്ക് ഒരു യൂണിറ്റിന്റെ വില 9489, വാങ്ങുന്ന എണ്ണം 32 എന്നുമാണ്.15.9.2015 ൽ സെക്രട്ടറി കെൽട്രോൺ മാനേജർക്ക് നൽകിയ കത്തിൽ (നം എ4/3040/15) തെരുവ് വിളക്ക് പദ്ധതിക്ക് അംഗീകാരം ലഭിച്ചതായും ആയത് നടപ്പിലാക്കണമെന്നും അറിയിച്ചു.

സെക്രട്ടറിയുടെ 10.2.16 ലെ നം. എ4/3040/16 കത്ത് പ്രകാരം കെ.എസ്.ഇ.ബി. കിളിമാനൂർ സെക്ഷൻ അസിസ്റ്റന്റ് എഞ്ചിനീയറോട് പ്രസ്തുത പദ്ധതി നടത്തിപ്പിനെ കുറിച്ച് അറിയിച്ചതനുസരിച്ച് 21.3.16 ൽ നം DB65/15-16 /165/AE/ES-KMR കത്തിലൂടെ 70 എണ്ണം എൽ.ഇ.ഡി ലൈറ്റുകൾ സ്ഥാപിക്കുന്നതിനുള്ള സൂപ്പർവിഷൻ ചാർജ്ജായി 21000 രൂപ ഒടുക്കണമെന്ന് കെ.എസ്.ഇ.ബി. അസിസ്റ്റന്റ് എഞ്ചിനീയർ സെക്രട്ടറിയോട് ആവശ്യപ്പെട്ടു. സൂപ്പർവിഷൻ ചാർജ്ജുകൾ ഉൾപ്പെടെ എൽ.ഇ.ഡി ലൈറ്റുകൾ 20W230V AC ഒരെണ്ണത്തിന് 4150 രൂപയും, ഇൻസ്റ്റലേഷൻ സൂപ്പർവിഷൻ ചാർജ്ജ് 1000/- രൂപയും ഉൾപ്പെടെ 5150/- രൂപയാണ് .( ഈ നിരക്ക് കേരള സർക്കാരിന്റെ എനർജി മാനേജ്മെന്റ് സെന്റർ നിശ്ചയിച്ച നിരക്കാണ്.

25.7.15 ൽ കത്ത് നം. TSD/MKTG/1022/2015-16 പ്രകാരം കെൽട്രോൺ ജനറൽ മാനേജർ പർച്ചെയ്സ് ഓർഡർ ആവശ്യപ്പെടുകയുണ്ടായി. പർച്ചെയ്സ് ഓർഡർ നൽകിയതിന്റെ രേഖകൾ ഫയലിൽ ലഭ്യമല്ല. എത്ര എണ്ണം എൽ.ഇ.ഡി ലൈറ്റുകളാണ് കെൽട്രോൺ വിതരണം ചെയ്തതെന്ന് ക്യാഷ് ബിൽ ഇല്ല. 303652/- രൂപ കൈപ്പറ്റിയ രസീത് ലഭ്യമാക്കിയിട്ടുണ്ട്.

പർചെയ്സ് ഓർഡർ നൽകി കരാർ ഒപ്പ് വച്ച ശേഷം കരാർ പ്രകാരമുള്ള 50 ശതമാനം തുക ഒടുക്കി സാധനം സപ്ലൈ ചെയ്തതിന് ശേഷമാണ് ബാക്കി തുക ഒടുക്കേണ്ടത് . എന്നാൽ കരാർ ഒപ്പ് വച്ചിരിക്കുന്നത് 8.4.16 ലാണ് . തുക ഒരുമിച്ചാണ് നൽകിയിരിക്കുന്നത് . കരാർ പ്രകാരം 59 എണ്ണം 20W230V AC എൽ.ഇ.ഡി തെരുവ് വിളക്കുകൾ സ്ഥാപിക്കാനാണ് പണം ഒടുക്കിയിരിക്കുന്നത് (ഡി.ഡി.നം 536613/ തീ 30.3.16).

സപ്ലൈ/ഇൻസ്റ്റലേഷൻ തീയതി, ഇൻസ്റ്റലേഷൻ സർട്ടിഫിക്കറ്റ് എന്നിവ ലഭ്യമാക്കിയിട്ടില്ല. കരാർ പ്രകാരം സപ്ലൈ / ഇൻസ്റ്റലേഷൻ തീയതി മുതൽ 3 വർഷ വാറന്റിയുണ്ട്. പഞ്ചായത്ത് കമ്മിറ്റിയുടെ 2.3.16 ലെ 44-ാം നമ്പർ തീരുമാനം

പ്രകാരം കിളിമാനൂർ പഞ്ചായത്തിലെ വാലഞ്ചേരി, പെരിങ്ങേലി, കണ്ണയംകോട്, പാലറക്കുഴി, വട്ടവിള എന്നീ കോളനികളിൽ എൽ.ഇ.ഡി ലൈറ്റുകൾ സ്ഥാപിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.

കെൽട്രോണിന്റെ വിനിയോഗ സാക്ഷ്യപത്രം നം. TSD/MKTG/1722/2016-17 തീയതി 17.11.16 പ്രകാരം 59 എണ്ണം 20W230V AC എൽ.ഇ.ഡി തെരുവ് വിളക്കുകൾ കിളിമാനൂർ പഞ്ചായത്തിലെ വിവിധ വാർഡുകളിൽ സ്ഥാപിച്ചിട്ടുണ്ടെന്നതാണ്.

മോണിറ്ററിംഗ് സമിതി റിപ്പോർട്ട് പ്രകാരം തെരുവ് വിളക്കുകൾ വിവിധ സ്ഥലങ്ങളിൽ സ്ഥാപിച്ചിട്ടുണ്ടെന്നതാണ്. വികസന, ക്ഷേമ, ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺമാർ, പ്രസിഡന്റ്, വൈസ് പ്രസിഡന്റ് എന്നിവരാണ് മോണിറ്ററിംഗ് സമിതി റിപ്പോർട്ടിൽ ഒപ്പ് വച്ചിരിക്കുന്നത്.

പദ്ധതി വിലയിരുത്തുന്നതിനായി പെരിങ്ങേലി, കണ്ണയംകോട് എന്നീ കോളനികളിൽ നേരിട്ട് എത്തി നിരീക്ഷിച്ചതിലും, കോളനി നിവാസികളുമായി ആശയ വിനിമയം നടത്തിയതിലും സ്ഥാപിച്ച ലൈറ്റുകളിൽ 10 ശതമാനം മാത്രമാണ് പ്രകാശിക്കുന്നത് എന്നും ചിലവ സ്ഥാപിച്ച് ഒരു മാസത്തിനുള്ളിൽ തന്നെ പ്രവർത്തനം നിലച്ചതായും ബോദ്ധ്യപ്പെട്ടു. ആയതിനാൽ സ്ഥാപിച്ച ലൈറ്റുകളുടെ ഗുണനിലവാരം പരിശോധന വിധേയമാക്കേണ്ടതുണ്ട്. പദ്ധതിയുടെ ഗുണഫലം ഗുണഭോക്താക്കൾക്ക് ലഭിച്ചിട്ടില്ല. പദ്ധതി ലക്ഷ്യം കൈവരിച്ചിട്ടില്ല.

പദ്ധതിയിൽ പരാമർശിക്കുന്ന കോളനികളിൽ ഓരോന്നിലും എത്ര എണ്ണം ലൈറ്റുകളാണ് സ്ഥാപിച്ചത്, അവയിൽ എത്ര എണ്ണം പ്രവർത്തിക്കുന്നു എന്നും പ്രവർത്തിക്കാത്തവയുടെ എണ്ണം കണക്കാക്കി പ്രവർത്തിപ്പിക്കുന്നതിന് പഞ്ചായത്ത് ഭരണ സമിതിയും നിർവ്വഹണ ഉദ്യോഗസ്ഥനും ഊർജ്ജിത ശ്രമം നടത്തേണ്ടതാണ്. മോണിറ്ററിംഗ് സമിതി പദ്ധതി പ്രവർത്തനം ശരിയാംവണ്ണം വിലയിരുത്തി റിപ്പോർട്ട് ചെയ്യേണ്ടതും മേൽ വിഷയത്തിൽ കൈക്കൊണ്ട നടപടികൾ ഓഡിറ്റിന് ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതുമാണ്.

## 3-3 ഇ.എം.എസ്. ഭവന നിർമാണം- ഗുണഭോക്താക്കൾക്ക് നൽകാനുള്ള അധിക വിഹിതം - കുടിശ്ശിക 1,82,500/- രൂപ

പ്രോജക്റ്റ് നം. - 114/2016(പൊതു വിഭാഗം)

നിർവ്വഹണ ഉദ്യാഗസ്ഥൻ - വി.ഇ.ഒ

27/02/2012 ലെ സ.ഉ.(എം.എസ്) നം 52/12/തസ്വഭവ പ്രകാരം 15/09/2011 ന് ശേഷം എഗ്രിമെന്റ് വച്ച എല്ലാ ഇ.എം.എസ് ഭവന പദ്ധതി ഗുണഭോക്താക്കൾക്കും ജനറൽ വിഭാഗത്തിന് യൂണിറ്റ് കോസ്റ്റ് രണ്ട് ലക്ഷം രൂപയായി വർധിപ്പിച്ച് ഉത്തരവായിരുന്നു. 15/09/2011- ന ശേഷം മുഴുവൻ പണിയും നടത്തുന്നവർക്ക് മേൽ ഉത്തരവ് പ്രകാരം മുഴുവൻ തുകയും നൽകാവുന്നതാണ്.

സൂചന പ്രോജക്റ്റ് പ്രകാരം 3,92,500 /- രൂപ അടങ്കൽ വയ്ക്കുകയും ചെലവാക്കുകയും ചെയ്തിട്ടുണ്ട്.എന്നാൽ ഇനിയും 1,82,500 /- രൂപ ഗുണഭോക്താക്കൾക്ക് നൽകാൻ കുടിശ്ശികയുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേരും വിലാസവും | കരാർ വച്ച തീയതി | നൽകേണ്ടിയിരുന്ന തുക | ആകെ നൽകിയ തുക | ബാക്കി നൽകേണ്ട തുക |
|---|---|---|---|---|---|
| 1 | ശ്രീമതി.സുശീല<br>ചരുവിള വീട്, ഉള്ളൂർക്കോണം | 12/12/2011 | 2,00,000/- | 1,67,500/- | 32,500/- |
| 2 | ശ്രീ. ഗോപകുമാരൻ നായർ<br>സിബി ഹൌസ്, പോങ്ങനാട് | 13/12/2011 | 2,00,000/- | 1,75,000/- | 25,000/- |

| | | | | | |
|---|---|---|---|---|---|
| 3 | ശ്രീമതി.സരസ്വതിയമ്മ<br>തെങ്ങിൻകോണത്ത്പുത്തൻ വീട്, തകരപ്പറമ്പ് | 14/12/2011 | 2,00,000/- | 75,000/- | 1,25,000/- |
| ആകെ | | | | | 1,82,500/- |

പ്രസ്തുത വിഷയത്തിൽ ഭരണസമിതിയുടെ സത്വര ശ്രദ്ധ ക്ഷണിക്കുന്നു.

## 3-4 ആശ്രയ പദ്ധതി - വികസന ഫണ്ട് ചെലവ് പര്യാപ്തമല്ല

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ നിരാശ്രയരായ അഗതി കുടുംബങ്ങളെ കണ്ടെത്തുന്നതിനും പുനരധിവസിപ്പിക്കുന്നതിനും സമൂഹത്തിന്റെ പൊതു ധാരയിലേക്ക് എത്തിക്കുന്നതിനും ലക്ഷ്യം വച്ച് കുടുംബശ്രീ ആവിഷ്കരിച്ച് തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾ വഴി നടപ്പിലാക്കി വരുന്ന പദ്ധതിയാണിത്.പഞ്ചായത്തിലെ രണ്ടാം ഘട്ട പദ്ധതി (2013-2016)നടപ്പിലാക്കുന്നതിലേക്കായി സമർപ്പിച്ച പ്രോജക്ട് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 11.06.2014 ലെ സ.ഉ.(സാധാ)നം. 1483/2014/ത.സ്വ.ഭ.വ പ്രകാരം അനുമതി നൽകുകയും ചലഞ്ച് ഫണ്ടിനത്തിൽ 17,36,470/- രൂപ അനുവദിക്കുകയും ചെയ്തു.ചലഞ്ച് ഫണ്ടിന്റെ ആദ്യ ഗഡുവായ 578823/- രൂപ 19.08.2014 ൽ ആണ് പഞ്ചായത്തിന് ലഭിച്ചത്. അതിനാൽ പ്രോജക്ട് 2014-15 മുതലാണ് നടപ്പിലാക്കി തുടങ്ങിയത്.

വികസന ഫണ്ട് 38,12,500/-രൂപയും ചലഞ്ച് ഫണ്ട് 17,36,470/- രൂപയും ഉൾപ്പെടെ 55,48,970/-രൂപ അടങ്കൽ തുകയിലാണ് പദ്ധതി ആവിഷ്കരിച്ചിരിക്കുന്നത്. എന്നാൽ രണ്ടു വർഷങ്ങളിലായി കേവലം 17,80,000/-രൂപ മാത്രമാണ് വികസന ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുളളത്. മൂന്നാം വർഷത്തേക്കായി 6,87,600/-രൂപയെ അനുവദിച്ചിട്ടുള്ളൂ. അതായത് വികസന ഫണ്ടിൽ 13,44,900/- രൂപയും കൂടി വകയിരുത്തിയാൽ മാത്രമേ പദ്ധതി വിജയകരമായി പൂർത്തിയാക്കുന്നതിന് സാധിക്കുകയുള്ളൂ. പദ്ധതിയുടെ നാളിതു വരെയുള്ള ചെലവ് ചുവടെ ചേർക്കുന്നു.

| ക്രമ നം. | വർഷം | ചലഞ്ച് ഫണ്ട് | വികസന ഫണ്ട് | ആകെ |
|---|---|---|---|---|
| 1 | 2014-15 | 328509 | 1200000 | 1528509 |
| 2 | 2015-16 | 383516 | 580000 | 963516 |
| 3 | 2016-17<br>(20.11.2016 വരെ) | 50278 | 500000 | 550278 |
| ആകെ | | 762303 | 2280000 | 3042303 |

കുടുംബശ്രീ മിഷനിൽ നിന്നും അവശേഷിക്കുന്ന തുക ലഭ്യമാക്കിയും വികസന ഫണ്ടിൽ ആവശ്യമായതുക വകയിരുത്തിയും പദ്ധതി ഫലപ്രദമായി പൂർത്തീകരിക്കേ ണ്ടതാണ്.

## 3-5 ഡെപ്പോസിറ്റ് പ്രവൃത്തി- തുക ഒടുക്കിയിട്ടും പണി പൂർത്തീകരിച്ചിട്ടില്ല

പടിഞ്ഞാറ്റിൻകര പാലത്തിന് സമീപം കെ എസ് ഇ ബി പോസ്റ്റ്മാറ്റൽ എന്ന പ്രവൃത്തിക്കായി 200386/-രൂപ കെ എസ് ഇ ബി യിൽ ഒടുക്കിയിട്ടുണ്ടെങ്കിലും(ഡി ഡി നം.535929തീയതി 19.03.2016 )ഇതുവരെ പണി പൂർത്തീകരിച്ചിട്ടില്ല.ചില ബിൽഡിംഗ് മെറ്റീരിയൽസിന്റെ അഭാവമാണ് പണി വൈകാൻ കാരണമായി കെ എസ് ഇ ബി അറിയിച്ചിട്ടുള്ളതെന്ന് പഞ്ചായത്ത് സെക്രട്ടറി അറിയിച്ചു .കെ എസ് ഇ ബിയെക്കൊണ്ട് പ്രസ്തുത പ്രവൃത്തി പൂർത്തീകരിപ്പിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതും തുടർ നടപടി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല.

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമനം. | നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നം./ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| 1 | കെ.എസ്.ഇ.ബി | പടിഞ്ഞാറ്റിൽകര പാലത്തിന് സമീപം കെ.എസ്. ഇ.ബി പോസ്റ്റ് മാറ്റൽ | 535929 | 200386 | 200386 | 0 |
| 2 | കെ.എസ്.ഇ.ബി | കൊപ്പത്തിൽ കോളനി streetmain | 016528 | 43702 | 43702 | 0 |
| 3 | കെ.എസ്.ഇ.ബി | street light to vettayilkonam, kilikkottukonam colony | 536698 | 23600 | 23600 | 0 |

| | | | | | | |
|---|---|---|---|---|---|---|
| 4 | കെ.എസ്.ഇ.ബി | streatman streetlight to perayil colony | 536697 | 29936 | 29936 | 0 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നം./തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് ഭവന പദ്ധതി | സ.ഉ(സാധാ) നം.429/2010 ത.സ്വ.ഭ.വ തീയതി 06.02.2010 | 13734000 | 138317 | 138317 | 56503 | - |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം / ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നമ്പർ/തീയതി |
|---|---|---|---|---|
| 2001-02 | 2-10 | 10000 | ബി.റ്റി. ഉണ്ണി | 11501100539 dt.18.05.2015 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2012-13 | 03/09 | 2014-15 | 4/1/4 | ഖരമാലിന്യ സംസ്കരണ സംവിധാനം നിഷ് ക്രിയം | ബാധ്യത നിശ്ചയിച്ചിട്ടുള്ള മെമ്പർമാർക്കും ഉദ്യോഗസ്ഥനും വിശദീകരണം ആവശ്യപ്പെട്ട് നോട്ടീസ് നൽകി യെങ്കിലും വിശദീകരണം ലഭിച്ചിട്ടില്ല |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

*(എ) സംക്ഷിപ്ത വിവരം*

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 52370183/- (മുന്നിരിപ്പ്ഉൾപ്പെടെ) |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 44822806/- |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 1934038/- |

*(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം*

ഇല്ല

*ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക*

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3.1 | 1630386 | ശ്രീ.ബാബു നന്ദകുമാർ , സെക്രട്ടറി |
| 3.2 | 303652 | ശ്രീ.ബാബു നന്ദകുമാർ , സെക്രട്ടറി |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

ഇല്ല

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ട്

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേ ഷിക്കുന്ന ഖണ്ഡിക കളുടെ എണ്ണം | റിമാർക്ക്സ് |
|---|---|---|---|
| 2000-01 | എൽ.എഫ്.റ്റി.ഡി. 6 (ഡി) 367/02തീയതി : 02.07.2014 | 1 | |
| 2001-02 | എൽ.എഫ്.റ്റി.ഡി.ജി.പി.4/1367/03തീയതി : 27.04.2014 | 6 | |
| 2002-03 | എൽ.എഫ്.റ്റി.ഡി.ജി.പി.4/967/04തീയതി : 15.03.2015 | 1 | |
| 2003-04 | എൽ.എഫ്.റ്റി.ഡി.ജി.പി.4/1150/05 തീയതി : 02.07.2014 | 2 | |

| | | | |
|---|---|---|---|
| | | | |
| 2004-05 | എൽ.എഫ്.റ്റി.ഡി.ജി.പി.4/1201/08തീയതി : 02.07.2014 | 1 | |
| 2005-06 | എൽ.എഫ്.റ്റി.ഡി.ജി.പി.9/1202/08തീയതി : 02.07.2014 | 1 | |
| 2006-07 | എൽ.എഫ്.റ്റി.ഡി.ജി.പി.9/322/10 തീയതി: 02.07.2014 | 3 | |
| 2007-08 | എൽ.എഫ്.റ്റി.ഡി.ജി.പി.9/323/10തീയതി.02.07.2014 | 8 | |
| 2008-09 | എൽ.എഫ്.റ്റി.ഡി.ജി.പി.9/1940/11തീയതി: 12.09.2012 | 8 | |
| 2009-10 | എൽ.എഫ്.റ്റി.ഡി.ജി.പി 9/1941/11 തീയതി : 13.09.2012 | 5 | |
| 2010-11 | എൽ.എഫ്.റ്റി.ഡി.ജി.പി.9/2141/12 തീയതി : 03.01.2014 | 3 | |
| 2011-12 | എൽ.എഫ്.റ്റി.ഡി.ജി.പി.9/1277/14 തീയതി.13.01.2015 | 8 | |
| 2012-13 | എൽ.എഫ്.റ്റി.ഡി.ജി.പി.9/1771/14 തീയതി : 13.07.2015 | 10 | |
| 2013-14 | കെ.എസ്.എ.റ്റി.വി.എം.ജി.പി.9/1903/15തീയതി : 11.11.2015 | 7 | |
| 2014-15 | കെ.എസ്.എ.റ്റി.വി.എം.ജി.പി.9/1338/16 തീയതി : 30.07.2016 | 8 | |

ഒപ്പ്.

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.

എസ്.2/12/16

അനുബന്ധം – 1

ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തിരുവനന്തപുരം ജില്ലയിലെ കിളിമാനൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങളും ചുവടെചേർത്തിരിക്കുന്ന പരാമർശങ്ങളും ഒഴികെ എന്റെ അഭിപ്രായത്തിൽ കിളിമാനൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16 ലെ വാർഷിക ധനകാര്യപത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

1. ആസ്തി രജിസ്റ്ററിൽ ആസ്തികളുടെ മൂല്യം തിട്ടപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

2. സ്റ്റോക്ക് & സ്റ്റോർസിന്റെ മൂല്യം തിട്ടപ്പെടുത്തിയിട്ടില്ല.

ഒപ്പ്.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്